| 19-03-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബന്‍ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ഈ പഴയ ലോകത്തില്‍ നിന്നും പഴയ ശരീരത്തില്‍ നിന്നും നിങ്ങള്‍ക്ക് ജീവിച്ചിരിക്കെ തന്നെ മരിച്ച് വീട്ടിലേയ്ക്ക് പോകണം, അതുകൊണ്ട് ദേഹാഭിമാനം ഉപേക്ഷിച്ച് ദേഹീ-അഭിമാനിയാകൂ.**

**ചോദ്യം :-** നല്ല-നല്ല പുരുഷാര്‍ത്ഥികളായിട്ടുള്ള കുട്ടികളുടെ ലക്ഷണങ്ങള്‍ എന്തെല്ലാമാണ്?
**ഉത്തരം:-**നല്ല പുരുഷാര്‍ത്ഥികളായിട്ടുള്ളവര്‍ അതിരാവിലെ എഴുന്നേറ്റ് ദേഹീ-അഭിമാനിയായിരിക്കുന്നതിനുള്ള അഭ്യാസം ചെയ്യും. അവര്‍ ഒരു ബാബയെ ഓര്‍മ്മിക്കുന്നതിനുള്ള പുരുഷാര്‍ത്ഥം ചെയ്യും. മറ്റൊരു ദേഹധാരിയുടെയും ഓര്‍മ്മ വരാതെ നിരന്തരം ഒരു ബാബയുടെയും 84ന്റെ ചക്രത്തിന്റെയും ഓര്‍മ്മ മാത്രമായിരിക്കണം ഉണ്ടാകേണ്ടത് എന്ന ലക്ഷ്യം അവര്‍ക്ക് ഉണ്ടായിരിക്കും. ഇതും അഹോ സൗഭാഗ്യമെന്ന് പറയും.

**ഓം ശാന്തി**. നിങ്ങള്‍ കുട്ടികള്‍ ഇപ്പോള്‍ ജീവിച്ചിരിക്കെ തന്നെ മരിച്ചു കഴിഞ്ഞു. എങ്ങനെയാണ് മരിച്ചത്? ദേഹാഭിമാനം ഉപേക്ഷിച്ചു, പിന്നീടുള്ളത് ആത്മാവാണ്. ശരീരം നശിച്ചുപോകുന്നു. ആത്മാവ് മരിക്കുന്നില്ല. ബാബ പറയുന്നു ജീവിച്ചിരിക്കെ തന്നെ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി പരംപിതാ പരമാത്മാവുമായി യോഗം വയ്ക്കുന്നതിലൂടെ ആത്മാവ് പവിത്രമാകും. ആത്മാവ് പവിത്രമാകാതെ പവിത്രമായ ശരീരവും ലഭിക്കില്ല. ആത്മാവ് പവിത്രമായിക്കഴിഞ്ഞാല്‍ സ്വതവേ തന്നെ ഈ ശരീരം ഉപേക്ഷിക്കും, സര്‍പ്പത്തിന്റെ തോല്‍ സ്വാഭാവികമായി വിട്ട് പോകുന്നത് പോലെ, അതിനോടുള്ള മമത്വം ഇല്ലാതാകുന്നു, അതിനറിയാം ഇപ്പോള്‍ പുതിയ തോല്‍ കിട്ടുമെന്ന്. ഓരോരുത്തര്‍ക്കും അവരവരുടേതായ ബുദ്ധിയുണ്ടാകുമല്ലോ അല്ലേ. നിങ്ങള്‍ കുട്ടികള്‍ക്കറിയാം ഇപ്പോള്‍ നമ്മള്‍ ജീവിച്ചിരിക്കെ തന്നെ ഈ പഴയ ലോകത്തില്‍ നിന്നും പഴയ ശരീരത്തില്‍ നിന്നും മരിച്ചിരിക്കുകയാണ്, നിങ്ങള്‍ ആത്മാക്കള്‍ ശരീരം ഉപേക്ഷിച്ച് എങ്ങോട്ട് പോകും? തന്റെ വീട്ടിലേക്ക്. ഞാന്‍ ആത്മാവാണ്, ശരീരമല്ല എന്നത് ആദ്യം വളരെ നന്നായി ഉറപ്പിക്കണം. ആത്മാവ് പറയുന്നു - ബാബാ ഞാന്‍ അങ്ങയുടേതായിത്തീര്‍ന്നിരിക്കുകയാണ്, ജീവിച്ചിരിക്കെ തന്നെ മരിച്ചു കഴിഞ്ഞു. പിതാവായ എന്നെ ഓര്‍മ്മിക്കൂ എങ്കില്‍ നിങ്ങള്‍ തമോപ്രധാനത്തില്‍ നിന്നും സതോപ്രധാനമായി മാറും എന്ന നിര്‍ദ്ദേശം ആത്മാവിനിപ്പോള്‍ ലഭിച്ചിരിക്കുകയാണ്. ഈ ഓര്‍മ്മിക്കുന്നതിന്റെ ശീലം വളരെ ആവശ്യമാണ്. ആത്മാവ് പറയുന്നു - ബാബാ അങ്ങ് വരികയാണെങ്കില്‍ ഞങ്ങള്‍ അങ്ങയുടേതായി തന്നെ മാറും. ആത്മാവ് പുരുഷനാണ് സ്ത്രീയല്ല. നമ്മള്‍ ആത്മാക്കള്‍ സഹോദരങ്ങളാണ് എന്നാണ് പറയുന്നത്, നമ്മളെല്ലാം സഹോദരിമാരാണ് എന്ന് പറയാറില്ല, എല്ലാ കുട്ടികള്‍ക്കും സമ്പത്ത് ലഭിക്കണം. ആത്മാക്കളെല്ലാം സഹോദരങ്ങളാണ്. ബാബ സര്‍വ്വരോടും പറയുന്നു - ആത്മീയ കുട്ടികളേ എന്നെ ഓര്‍മ്മിക്കൂ. ആത്മാവ് എത്ര ചെറുതാണ്. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. കുട്ടികളുടെ ഓര്‍മ്മ സ്ഥായിയായി ഇരിക്കുന്നില്ല. സന്യാസിമാര്‍ ഉദാഹരണം പറയാറുണ്ട് - ഞാന്‍ എരുമയാണ്, ഞാന്‍ എരുമയാണ്... എന്ന് പറഞ്ഞ് പറഞ്ഞ് എരുമയായി മാറി എന്ന്. എന്നാല്‍ സത്യത്തില്‍ ആരും എരുമയാകുന്നില്ല. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ആത്മാവിന്റെയും പരമാത്മാവിന്റെയും ജ്ഞാനം ആരിലും ഇല്ലാത്തത് കാരണമാണ് ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം പറയുന്നത്. നിങ്ങള്‍ക്ക് ആത്മാഭിമാനിയാകണം, നമ്മള്‍ ആത്മാവാണ്, ഈ പഴയ ശരീരം ഉപേക്ഷിച്ച് നമുക്ക് പുതിയതെടുക്കണം. മനുഷ്യര്‍ പറയാറുണ്ട് ആത്മാവ് നക്ഷത്രമാണ്, ഭൃകുഢി മദ്ധ്യത്തിലാണിരിക്കുന്നത്, പിന്നീട് പറയും ആത്മാവ് അംഗുഷ്ടാകൃതിയിലാണ്. നക്ഷത്രം എങ്ങനെയിരിക്കുന്നത് അംഗുഷ്ടാകൃതി എങ്ങനെയാണ്! മണ്ണ് കൊണ്ട് സാളിഗ്രാമങ്ങളും ഉണ്ടാക്കാറുണ്ട്, ആത്മാവ് ഇത്രയും വലുതല്ല. മനുഷ്യര്‍ ദേഹ-അഭിമാനികളായത് കാരണമാണ് ഇത്രയും വലിയ രൂപങ്ങള്‍ ഉണ്ടാക്കുന്നത്. ഇത് വളരെ സൂക്ഷ്മമായ മഹത്തായ കാര്യങ്ങളാണ്. ഭക്തിയും മനുഷ്യര്‍ ഏകാന്തമായിരുന്ന് ചെയ്യുന്നു. നിങ്ങള്‍ കുടുംബത്തിലിരുന്നു കൊണ്ടും ജോലിയെല്ലാം ചെയ്തും, ഞാന്‍ ആത്മാവാണ് എന്ന കാര്യം ബുദ്ധിയില്‍ ഉറപ്പിച്ചിരിക്കണം. ബാബ പറയുന്നു - നിങ്ങളുടെ പിതാവായായ ഞാനും വളരെ ചെറിയ ബിന്ദുവാണ്. ഞാന്‍ വലുതല്ല. എന്നില്‍ മുഴുവന്‍ ജ്ഞാനവുമുണ്ട്. ആത്മാവും പരമാത്മാവും രണ്ട് പേരും ഒരുപോലെയാണ്, എന്നാല്‍ പരമാത്മാവിനെ സുപ്രീം എന്ന് വിളിക്കുന്നു. ഇത് ഡ്രാമയില്‍ അടങ്ങിയിട്ടുള്ളതാണ്. ബാബ പറയുന്നു - ഞാന്‍ അമരനാണ്. ഞാന്‍ അമരനായിരുന്നില്ല എങ്കില്‍ നിങ്ങളെ എങ്ങനെ പാവനമാക്കും. നിങ്ങളെ മധുരമായ കുട്ടികളേ എന്ന് എങ്ങനെ വിളിക്കും. ആത്മാവ് തന്നെയാണ് സര്‍വ്വതും ചെയ്യുന്നത്. ബാബ വന്ന് ആത്മാഭിമാനിയാക്കുന്നു, ഇതില്‍ തന്നെയാണ് പരിശ്രമമുള്ളത്. ബാബ പറയുന്നു - ബാബയെ മാത്രം ഓര്‍മ്മിക്കൂ, മറ്റാരേയും ഓര്‍മ്മിക്കരുത്. ലോകത്ത് യോഗികള്‍ ധാരാളമുണ്ട്. ഒരു കന്യകയുടെ വിവാഹം കഴിഞ്ഞാല്‍ പതിയുമായി യോഗം വയ്ക്കാറുണ്ടല്ലോ. ആദ്യം തീര്‍ത്ഥം

ഉണ്ടായിരുന്നില്ല. പതിയെ കണ്ടു, പിന്നീട് പതിയുടെ ഓർമ്മയിൽ ഇരിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു– ബാബയെ മാത്രം ഓർമ്മിക്കൂ. ഇതിൽ വളരെ നല്ല അഭ്യാസം ആവശ്യമാണ്. ആരാണോ നല്ല–നല്ല പുരുഷാർത്ഥി കുട്ടികൾ അവർ അതിരാവിലെ എഴുന്നേറ്റ് ദേഹീ–അഭിമാനിയാകുന്നതിനുള്ള അഭ്യാസം ചെയ്യും. ഭക്തിയും രാവിലെ ചെയ്യാറുണ്ടല്ലോ. അവരവരുടെ ഇഷ്ട ദേവനെ ഓർമ്മിക്കുന്നു. ഹനുമാന്റെ പോലും എത്രമാത്രം പൂജ ചെയ്യുന്നു, എന്നാൽ ഒന്നും അറിയുന്നില്ല. ബാബ വന്ന് മനസ്സിലാക്കി തരികയാണ് നിങ്ങളുടെ ബുദ്ധി വാനരന്റേതുപോലെയായി. ഇപ്പോൾ വീണ്ടും നിങ്ങൾക്ക് ദേവതയാകണം. ഇത് പതീത തമോപ്രധാന ലോകമാണ്. നിങ്ങൾ ഇപ്പോൾ പരിധിയില്ലാത്ത ബാബയുടെ അടുത്ത് വന്നിരിക്കുന്നു. ബാബ പുനർജന്മ രഹിതനാണ്. ഈ ശരീരം ബ്രഹ്മാവിന്റേതാണ്. ബാബയുടെ ശരീരത്തിന് പേരില്ല. ബാബയുടെ പേര് മംഗളകാരി ശിവൻ. നിങ്ങൾ കുട്ടികൾ അറിയുന്നു – മംഗളകാരി ശിവബാബ വന്ന് നരകത്തെ സ്വർഗ മാക്കുന്നു. എത്രമാത്രം മംഗളം ചെയ്യുന്നു. നരകത്തെ പൂർണ്ണമായും വിനാശം ചെയ്യിപ്പിക്കുന്നു. പ്രജാപിതാ ബ്രഹ്മാവിലൂടെ ഇപ്പോൾ സ്ഥാപന നടന്നുകൊണ്ടിരിക്കുന്നു. ഇതാണ് പ്രജാപിതാ ബ്രഹ്മാ മുഖവംശാവലി. നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും പരസ്പരം ജാഗ്രത നൽകണം – മന്മനാ ഭവ. ബാബ പറയുന്നു – ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. പതീത – പാവനൻ ബാബയാണല്ലോ. അവർ തെറ്റായി ശിവ ഭഗവാനുവാചാ എന്നതിന് പകരം കൃഷ്ണ ഭഗവാനുവാചാ എന്നെഴുതി. ഭഗവാൻ നിരാകാരനാണ്, പരം പിതാ പരമാത്മാവെന്ന് പറയുന്നു, പേര് ശിവൻ. ശിവന്റെ പൂജ ധാരാളം ചെയ്യുന്നുണ്ട്. ശിവകാശി, ശിവകാശി എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. ഭക്തി മാർഗത്തിൽ അനേകം പേരുകൾ വയ്ക്കുന്നു. സമ്പാദ്യത്തിന് വേണ്ടി അനേകം ക്ഷേത്രങ്ങൾ നിർമ്മിക്കുന്നു. യഥാർത്ഥ പേര് ശിവൻ. പിന്നീട് സോമനാഥനെന്ന് വച്ചു, സോമനാഥൻ, സോമരസം കുടിപ്പിക്കുന്നവൻ, ജ്ഞാന ധനം നൽകുന്നു. പിന്നീട് എപ്പോഴാണോ പൂജാരിയായത് അപ്പോൾ ബാബയുടെ ക്ഷേത്രം നിർമ്മിക്കുന്നതിൽ എത്ര ചെലവ് ചെയ്തു, എന്തുകൊണ്ടെന്നാൽ സോമരസം നൽകിയിരുന്നല്ലോ. സോമനാഥനോടൊപ്പം സോമനാഥിനിയും ഉണ്ട്. ഏതുപോലെ രാജാവ്, റാണി അതുപോലെ പ്രജ എല്ലാവരും സോമനാഥൻ, സോമനാഥിനിയാണ്. നിങ്ങൾ സ്വർണ്ണിമ ലോകത്തിലേക്ക് പോകുന്നു. അവിടെ സ്വർണ്ണത്തിന്റെ ഇഷ്ടിക ഉണ്ടായിരിക്കും, ഇല്ലായെങ്കിൽ എങ്ങനെ ചുമരെല്ലാം കെട്ടും. വളരെയധികം സ്വർണ്ണമുണ്ട് അതിനാലാണ് അതിനെ സ്വർണ്ണിമ ലോകമെന്ന് പറയുന്നത്. ഇത് ഇരുമ്പിന്റേയും, കല്ലിന്റേയും ലോകമാണ്. സ്വർഗത്തിന്റെ പേര് കേൾക്കുമ്പോൾ തന്നെ വായിൽ വെള്ളം വരും. വിഷ്ണുവിന്റെ രണ്ട് രൂപം ലക്ഷ്മിയും–നാരായണനും വേറെ വേറെ ആകുമല്ലോ. നിങ്ങൾ വിഷ്ണുപുരിയിലെ അധികാരിയാകുന്നു. ഇപ്പോൾ നിങ്ങൾ രാവണപുരിയിലാണ്. അതിനാൽ ഇപ്പോൾ ബാബ പറയുന്നു കേവലം സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ബാബ പരംധാമിൽ വസിക്കുന്നു, നിങ്ങളും പരംധാമിൽ വസിക്കുന്നവരാണ്. ബാബ പറയുന്നു നിങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും നൽകുന്നില്ല. വളരെ സഹജമാണ്. ബാക്കി ഈ രാവണനാകുന്ന ശത്രു നിങ്ങളുടെ മുന്നിൽ നിൽക്കുന്നു. അത് നിങ്ങൾക്ക് വിഘ്നമുണ്ടാക്കുന്നു. ജ്ഞാനത്തിൽ വിഘ്നം വരില്ല, യോഗത്തിലാണ് വിഘ്നം വരുന്നത്. ഇടക്കിടക്ക് മായ ഓർമ്മ മറവിപ്പിക്കുന്നു. ദേഹ – അഭിമാനത്തിൽ കൊണ്ടു വരുന്നു. ബാബയെ ഓർമ്മിക്കാൻ അനുവദിക്കില്ല, ഈ യുദ്ധം നടക്കുന്നു. ബാബ പറയുന്നു കട്ടികളേ നിങ്ങൾ കർമ്മയോഗികളാണ്. ശരി, പകൽ ഓർമ്മിക്കാൻ കഴിയുന്നില്ലായെങ്കിൽ രാത്രിയിൽ ഓർമ്മിക്കൂ. രാത്രിയിലെ അഭ്യാസം പകൽ പ്രയോജനത്തിൽ വരും.

നിരന്തരം സ്മൃതി ഉണ്ടായിരിക്കണം – ഏതൊരു ബാബയാണോ നമ്മളെ വിശ്വത്തിന്റെ അധികാരിയാക്കുന്നത്, ആ ബാബയെ ഓർമ്മിക്കണം. ബാബയുടെ ഓർമ്മയിലും 84–ജന്മത്തിന്റെ ചക്രത്തിന്റേയും ഓർമ്മയിലിരിക്കൂ എങ്കിൽ അഹോ സൗഭാഗ്യം. മറ്റുള്ളവരേയും കേൾപ്പിക്കണം – അല്ലയോ സഹോദരീ, സഹോദരന്മാരേ, ഇപ്പോൾ കലിയുഗം പൂർത്തിയായി സത്യയുഗം വരികയാണ്. ബാബ വന്ന്, സത്യയുഗത്തിലേക്ക് രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. കലിയുഗത്തിന് ശേഷം സത്യയുഗം വരണം. ഒരു ബാബയല്ലാതെ മറ്റാരെയും ഓർമ്മ വരരുത്. ആരാണോ വാനപ്രസ്ഥികൾ അവർ സന്യാസിമാരുടെ സംഘത്തിലേക്ക് പോകുന്നു. വാനപ്രസ്ഥം, അവിടെ ശബ്ദത്തിന്റെ കാര്യമേ ഇല്ല. ആത്മാവ് ശാന്തമായി ഇരിക്കുന്നു. ലയിക്കുന്നില്ല. ഡ്രാമയിൽ നിന്ന് ഒരഭിനേതാവിനും മാറി നിൽക്കാൻ സാധിക്കില്ല. ഇതും ബാബ മനസ്സിലാക്കിതരുകയാണ് – ഒരു ബാബയല്ലാതെ മറ്റാരേയും ഓർമ്മിക്കരുത്. കണ്ടുകൊണ്ടും ഓർമ്മിക്കാതിരിക്കൂ. ഈ പഴയ ലോകം നശിക്കാൻ പോകുന്നതാണ്, ഇത് ശവപ്പറമ്പല്ലേ. എന്താ ശവത്തെ എപ്പോഴെങ്കിലും ഓർമ്മിക്കാറുണ്ടോ. ബാബ പറയുന്നു ഇവരെല്ലാം മരിച്ചുകഴിഞ്ഞു. ബാബ വന്നിരിക്കുന്നു പതീതരെ പാവനമാക്കി തിരിച്ചു കൊണ്ടുപോകും. ഇവിടെ ഈ കാണുന്നതെല്ലാം ഇല്ലാതാകും. ഇന്നത്തെ കാലത്ത് ഈ ബോംബ് തുടങ്ങി എന്തെല്ലാം ഉണ്ടാക്കുന്നുവോ, വളരെ തീവ്രമായതാണ് ഉണ്ടാക്കുന്നത്. പറയുന്നു ഇവിടെ ഇരുന്നുകൊണ്ട് ആരുടെ മേൽ ഇടണമോ അവിടെ ഇടൂ. ഇത് ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്, വീണ്ടും വിനാശം സംഭവിക്കണം. ഭഗവാൻ വന്ന്, പുതിയ ലോകത്തിലേക്ക് രാജയോഗം

പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇത് ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള അതേ മഹാഭാരത യുദ്ധമാണ്. തീർത്തും സ്ഥാപനയും, വിനാശവും ചെയ്യുന്നതിനായി ഭഗവാൻ വന്നിരിക്കുന്നു. ചിത്രവും വ്യക്തമാണ്. നമ്മൾ ഇന്ന താകും – ഈ സാക്ഷാത്ക്കാരം നിങ്ങൾ ചെയ്തുകൊണ്ടിരിക്കും. ഇവിടുത്തെ ഈ പഠിത്തവും അവസാനിക്കും. അവിടെ ഡോക്ടർ, വക്കീൽ ഇവരുടെ ആവശ്യമില്ല. നിങ്ങൾ ഇവിടുന്ന് സമ്പത്ത് എടുത്തുകൊണ്ടു പോകുന്നു. കലകളും എല്ലാം ഇവിടുന്ന് കൊണ്ടുപോകുന്നു. കെട്ടിടവും മററും നിർമ്മിക്കുന്ന ഫസ്റ്റ് ക്ലാസ്സായിട്ടുള്ളവർ അവിടെയും ഉണ്ടാക്കും. ചന്തയെല്ലാം ഉണ്ടായിരിക്കില്ലേ. കാര്യങ്ങല്ലൊം നടക്കും. ഇവിടുന്ന് പഠിച്ച ബുദ്ധി അവിടെക്ക് കൊണ്ടുപോകുന്നു. സയൻസിലൂടെയും നല്ല കഴിവുകൾ പഠിക്കുന്നു. അവയെല്ലാം അവിടെ പ്രയോജനത്തിൽ വരും. എന്നാൽ പ്രജയിലേക്ക് പോകും. നിങ്ങൾ കുട്ടികൾ പ്രജയിലേക്ക് വരരുത്. നിങ്ങൾ വന്നിരിക്കുന്നത് തന്നെ മാതാ–പിതാവിന്റെ സിംഹാസനധാരിയാകാൻ വേണ്ടിയാണ്. ബാബ ഏതൊരു ശ്രീമതമാണോ നൽകുന്നത് അതിലൂടെ നടക്കണം. ഒരേഒരു ഫസ്റ്റ്ക്ലാസ്സ് ശ്രീമതം നൽകുന്നു – നിങ്ങൾ എന്നെ ഓർമ്മിക്കൂ. ചിലരുടെ ഭാഗ്യം അനായാസം തുറക്കുന്നു. ഏന്തെങ്കിലും കാരണം നിമിത്തമായി മാറുന്നു. കുമാരിമാരോട് ബാബ പറയുന്നു വിവാഹം നഷ്ടമായിതീരും. ഈ ഖട്ടറിൽ വീഴരുത്. എന്താ നിങ്ങൾ ബാബയെ മാനിക്കില്ലേ! സ്വർഗ്ഗത്തിലെ മഹാറാണിയാകില്ലേ! സ്വയം തന്നോട് തന്നെ പ്രതിജ്ഞ ചെയ്യണം ഞാൻ ആ ലോകത്തിക്കേ് ഒരിക്കലും പോകില്ല. ആ ലോകത്തെ ഓർമ്മിക്കുക പോലുമില്ല. എന്താ ശ്മശാനത്തെ എപ്പോഴെങ്കിലും ഓർമ്മിക്കുമോ. ഇവിടെ നിങ്ങൾ പറയും ഈ ശരീരം ഉപേക്ഷിച്ച് നമ്മൾ നമ്മുടെ സ്വർഗത്തിലേക്ക് പോകും. ഇപ്പോൾ 84– ജന്മം പൂർത്തിയായി, ഇപ്പോൾ നമ്മൾ നമ്മുടെ വീട്ടിലേയ്ക്ക് പോകും. മററുള്ളവരേയും ഇത് കേൾപ്പികണം. ഇതും അറിയാം – ബാബയ്ക്കല്ലാതെ സത്യയുഗീ രാജ പദവി നൽകാൻ മറ്റാർക്കും സാധിക്കില്ല.

ഈ രഥത്തിനും കർമ്മ ഭോഗം ഉണ്ടാകുന്നില്ലേ. ബാപ്ദാദായും പരസ്പരം ഇടക്ക് ആത്മീയ സംഭാഷണം നടത്താറുണ്ട് – ബ്രഹ്മാ ബാബ പറയും ബാബാ ആശീർവ്വാദം നൽകൂ. ചുമക്കായി എന്തെങ്കിലും മരുന്ന് നൽകൂ, അല്ലെങ്കിൽ ഏതെങ്കിലും മന്ത്രത്തിലൂടെ ഇല്ലാതാക്കൂ. ശിവബാബ പറയും – ഇല്ല, ഇത് അനുഭവിക്കുക തന്നെ വേണം. ഈ രഥം എടുക്കുന്നതിന് പ്രതിഫലവും നൽകുക തന്നെ ചെയ്യുന്നുണ്ട്, ബാക്കി ഇത് നിങ്ങളുടെ കർമ്മ–കണക്കാണ്. അന്തിമ സമയം വരെ എന്തെങ്കിലും വന്നുകൊണ്ടിരിക്കും. താങ്കൾക്ക് ആശീർവ്വാദം നൽകുകയാണെങ്കിൽ എല്ലാവർക്കും നൽകേണ്ടിവരും. ഇന്ന് ഈ പെൺകുട്ടി ഇവിടെ ഇരിക്കുന്നു, നാളെ ട്രയിനിൽ ആക്സിടന്റ് ഉണ്ടായി, മരിക്കുന്നു, ബാബ പറയും ഡ്രാമ. എന്തുകൊണ്ട് ബാബ നേരത്തെ പറഞ്ഞില്ല. ഇങ്ങനെ പറയാൻ സാധിക്കില്ല. അങ്ങനെ നിയമമില്ല. ഞാൻ വരുന്നത് പതിതരെ പാവനമാക്കുന്നതിനാണ്. അല്ലാതെ ഇത് പറഞ്ഞു തരുന്നതിനല്ല. നിങ്ങളുടെ ഈ കർമ്മ – കണക്കുകൾ നിങ്ങൾക്ക് തന്നെ ഇല്ലാതാക്കണം. ഇതിൽ ആശീർവ്വാദത്തിന്റെ കാര്യമില്ല. അതിന് വേണ്ടി സന്യാസിമാരുടെ അടുത്തേക്ക് പൊയ്ക്കോളൂ. ബാബ ഒരേഒരു കാര്യമാണ് പറഞ്ഞു തരുന്നത്. എന്നെ വിളിച്ചത് തന്നെ ഞങ്ങളെ നരകത്തിൽ നിന്ന് സ്വർഗത്തിലേക്ക് കൊണ്ടു പോകൂ എന്ന് പറഞ്ഞാണ്. പാടുന്നുമുണ്ട് പതീത–പാവന സീതാറാം. എന്നാൽ അർത്ഥം തലതിരിച്ചെടുത്തു. പിന്നീട് രാമന്റെ മഹിമയിരുന്ന് ചെയ്യുന്നു– രഘുപതി രാഘവ രാജാറാം.... ബാബ പറയുന്നു ഈ ഭക്തി മാർഗ്ഗത്തിൽ നിങ്ങൾ എത്രമാത്രം പണം നഷ്ടപ്പെടുത്തി. ഒരു ഗീതവുമുണ്ടല്ലോ – എന്ത് കൗതുകമാണ് കണ്ടത്... ദേവിമാരുടെ മൂർത്തി ഉണ്ടാക്കി പൂജ ചെയ്ത് പിന്നീട് സമുദ്രത്തിൽ കൊണ്ടുപോയി താഴ്ത്തുന്നു. ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് – എത്ര പൈസ്സയാണ് നഷ്ടപ്പെടുത്തുന്നത്, വീണ്ടും ഇത് സംഭവിക്കും. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ഒന്നും തന്നെ ഉണ്ടായിരിക്കില്ല. ഒരോ സെക്കന്റും അടങ്ങിയിട്ടുണ്ട്. കൽപത്തിന് ശേഷം ഇതേ കാര്യം വീണ്ടും ആവർത്തിക്കും. ഡ്രാമയെ നല്ല രീതിയിൽ മനസ്സിലാക്കണം. ശരി, ആർക്കെങ്കിലും വളരെയധികം ഓർമ്മിക്കാൻ കഴിയുന്നില്ലായെങ്കിൽ ബാബ പറയുന്നു ബാബയേയും, സമ്പത്തിനേയും ഓർമ്മിക്കൂ. നമ്മൾ ആത്മാവ് എങ്ങനെയാണ് 84 – ജന്മം എടുത്ത് വന്നത്, ഉള്ളിൽ ഈ ലഹരി ഉണ്ടായിരിക്കണം. ചിത്രങ്ങളിലൂടെ മനസ്സിലാക്കി കൊടുക്കൂ, വളരെ സഹജമാണ്. ഇതാണ് ആത്മീയ കുട്ടികളുമായുള്ള ആത്മീയ സംഭാഷണം. ബാബ കുട്ടികളോടാണ് ആത്മീയ സംഭാഷണം നടത്തുന്നത്. മറ്റാരുമായും ചെയ്യുന്നില്ല. ബാബ പറയുന്നു– സ്വയം ആത്മാവാണെന്ന് മനസിലാക്കൂ. ആത്മവാണ് എല്ലാം ചെയ്യുന്നത്. ബാബ ഓർമ്മപ്പെടുത്തുന്നു– കുട്ടികളേ നിങ്ങൾ 84 – ജന്മങ്ങളെടുത്തു. മനുഷ്യനായി തന്നെയാണ് മാറുന്നത്. ഏതുപോലെ ബാബ ഓർഡിനൻസ് ഇറക്കുന്നത് – അതായത് വികാരത്തിലേക്ക് പോകരുത്. അതുപോലെ ഇതും ഓർഡിനൻസിറക്കുകയാണ് ആരും തന്നെ കരയരുത്. സത്യ – ത്രേതായുഗത്തിൽ ഒരിക്കലും ആരും കരയുന്നില്ല. ചെറിയ കുട്ടികൾ പോലും കരയില്ല. കരയാൻ ആജ്ഞയില്ല. അത് ഹർഷിതമായിരിക്കുന്നതിനുള്ള ലോകമാണ്. അതിന്റെ മുഴുവൻ പ്രാക്ടീസ് ഇവിടെ ചെയ്യണം. ശരി.

വളരെക്കാലത്തെ വേർപ്പാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കായുള്ള മുഖ്യ സാരം:-

1) ബാബയിൽ നിന്ന് ആശീർവ്വാദം യാചിക്കുന്നതിന് പകരം ഓർമ്മയുടെ യാത്രയിൽ ഇരുന്ന് തന്റെ കർമ്മ-കണക്കുകൾ അവസാനിപ്പിക്കണം. പാവനമാകുന്നതിന്റെ പുരുഷാർത്ഥം ചെയ്യണം. ഈ ഡ്രാമയെ യഥാർത്ഥ രീതിയിൽ മനസിലാക്കണം.

2) ഈ പഴയ ലോകത്തെ കണ്ടുകൊണ്ടും ഓർമ്മിക്കാതിരിക്കണം. കർമ്മയോഗിയാകണം. സദാ ഹർഷിതമായിരിക്കുന്നതിന്റെ അഭ്യാസം ചെയ്യണം. ഒരിക്കലും കരയരുത്.

## വരദാനം : ഗൃഹസ്ഥത്തിലിരുന്നും എന്റേതെന്ന ഭാവത്തെ ത്യാഗം ചെയ്യുന്നവരായ സത്യമായ ട്രസ്റ്റി മായാജിത്തായി ഭവിക്കട്ടെ.

ഏതു പോലെയാണോ അഴുക്കിൽ അണുക്കൾ ഉണ്ടാകുന്നത് അതുപോലെ എവിടെ ഞാൻ എന്ന ഭാവമുണ്ടോ അവിടെ മായ ജന്മമെടുക്കുന്നു. മായാജീത്തായി മാറുന്നതിനുള്ള സഹജമായ വിധിയാണ് സ്വയത്തെ സദാ ട്രസ്റ്റി ആണെന്നു മനസ്സിലാക്കുക. ബ്രഹ്മകുമാർ അർത്ഥം സൂക്ഷിപ്പുകാരൻ. സൂക്ഷിപ്പു കാരന് യാതൊന്നിലും മമത്വമുണ്ടാവില്ല, എന്തുകൊണ്ടെന്നാൽ അവരിൽ ഞാൻ എന്ന ഭാവമില്ല. സ്വയ ത്തെ ഗൃഹസ്ഥി ആണെന്നു മനസ്സിലാക്കുമ്പോൾ മായ വരുന്നു, സൂക്ഷിപ്പുകാരനെന്നു മനസ്സിലാക്കുമ്പോൾ മായ ഓടിപ്പോകുന്നു. അതിനാൽ വേറിട്ടിരുന്ന് ഗൃഹസ്ഥത്തിലെ കാര്യങ്ങളിലേക്ക് വരൂ എങ്കിൽ മായ പ്രൂഫ് ആയിരിക്കാൻ സാധിക്കും.

## സ്ലോഗൻ : എവിടെ അഭിമാനം ഉണ്ടാകുന്നുവോ അവിടെ അപമാനത്തിന്റെ ഫീലിംഗ് തീർച്ചയായും വരും.

**അവ്യക്തസ സൂചന : സത്യതയും സഭ്യതയുമാകുന്ന സംസ്കാരത്തെ സ്വന്തമാക്കൂ..**
ഇരിക്കുന്നതിൽ എണീക്കുന്നതിൽ സംസാരിക്കുന്നതിൽ സേവനം ചെയ്യുന്നതിൽ എല്ലാം ഉള്ള താങ്കളുടെ ആന്തരിക സ്വച്ഛത എപ്പോഴാണോ മനുഷ്യർക്ക് അനുഭവപ്പെടുന്നത് അപ്പോഴാണ് പരമാത്മ പ്രത്യക്ഷതയ്ക്ക് നിമിത്തമായി മാറാൻ സാധിക്കുക. ഇതിനുവേണ്ടി പവിത്രതയുടെ ദീപം സദാ ജ്വലിച്ചുകൊണ്ടിരിക്കണം. അല്പംപോലും ഇളക്കത്തിലേക്കു വരരുത്. എത്രത്തോളം പവിത്രതയുടെ ദീപം ഉറച്ചിരിക്കുന്നുവോ അത്രത്തോളം സഹജമായി എല്ലാവർക്കും ബാബയെ തിരിച്ചറിയാൻ സാധിക്കും.